കവർസ്റ്റോറി

ടി. മുഹമ്മദ് വേളം



# ലൗ ജിഹാദ്

## ഇവർ ശരിക്കും ഉന്നംവെച്ചത് എന്തിനെയായിരുന്നു?

**മതമെന്നത് ജന്മംകൊണ്ട് നിർണയിക്കപ്പെടുന്നതാണെന്നതാണ് വംശീയ സാമൂഹിക ഘടനയുടെ നിലപാട്. ജാതികളുടെ വിശാലരൂപമായാണ് അവർ മതത്തെ കാണുന്നത്. നവോത്ഥാന ശ്രമങ്ങൾക്കോ ആധുനികവൽക്കരണത്തിനോ ഈ വംശീയ സാമൂഹിക ഘടനയിൽ കാര്യമായ വിള്ളൽ വീഴ്ത്താൻ കഴിഞ്ഞിട്ടില്ല. പലതരം നായന്മാർ ഒറ്റ നായർ സമുദായമായും പലതരം ഈഴവർ ഈഴവസമുദായമായും മാറി എന്നതാണ് കേരളീയ നവോത്ഥാനത്തിന്റെ ബാലൻസ്ഷീറ്റ്.**

**ലൗ ജിഹാദ്** വിവാദം താൽക്കാലികമായി കെട്ടടങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത്തരം വിവാദങ്ങൾ പല വേഷത്തിൽ ഇനിയും തിരിച്ചുവരും. കാരണം, നമ്മുടെ സമൂഹശരീരത്തിന്റെ അന്തർഭാഗത്ത് നടക്കുന്ന ചില പരിവർത്തനങ്ങളോടുള്ള ബാഹ്യതലത്തിലുള്ള പ്രതികരണങ്ങളും പ്രക്ഷുബ്ധതകളുമാണ് ഈ വിവാദങ്ങൾ. ഈ പരിവർത്തനങ്ങൾ തുടരുന്നേടത്തോളം ഇത്തരം വിവാദങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കും.

ഈ വിവാദമുയർത്തിയവർ, പദനിർമിതി നടത്തിയവർ ശരിക്കും ലക്ഷ്യം വെച്ചതെന്തിനെയായിരുന്നു

എന്നു തിരിച്ചറിയുന്നതിൽ നമ്മുടെ പൊതുസമൂഹം നല്ലൊരതിരുവരെ പരാജയപ്പെടുകയായിരുന്നു. ഈ വിവാദത്തിന്റെ രാഷ്ട്രീയം മനസ്സിലാക്കുന്നതിൽ നമ്മുടെ പൊതുമണ്ഡലത്തിന് വിജയിക്കാൻ കഴിഞ്ഞിട്ടില്ല.

ഈ വിവാദത്തിന്റെ വേരുകൾ ഇന്ത്യൻ സാമൂഹികക്രമത്തിന്റെ അഗാധതകളിലാണ് ആണ്ടുകിടക്കുന്നത്. വംശമാണ് ഇന്ത്യൻ സമൂഹത്തിൽ ഓരോ മനുഷ്യന്റെയും സ്വത്വത്തെ നിർണയിക്കുന്ന അടിസ്ഥാന ഘടകം. മതംമാറ്റങ്ങൾ പരിക്കേൽപിക്കുന്നത് വംശീയമായ ഈ സാമൂഹിക ശരീരത്തെയാണ്. മതംമാറ്റം സ്വയം തന്നെ ഒരശ്ലീലതയായി കാണുന്നതാണ് നമ്മുടെ സമൂഹമനസ്സ്. ഇത് സംഘ്പരിവാറുമായി മാത്രം ബന്ധപ്പെട്ട ഒരു വികാരമല്ല. അന്യമത വിദ്വേഷമോ ഫാഷിസ മനോഭാവമോ ഒന്നുമില്ലാത്ത ഇന്ത്യൻ സമൂഹത്തിലെ ധാരാളമാളുകൾ പുലർത്തിപോരുന്ന മനോവികാരം കൂടിയാണ്.

മതമെന്നത് ജന്മംകൊണ്ട് നിർണയിക്കപ്പെടുന്നതാണെന്നതാണ് വംശീയ സാമൂഹികഘടനയുടെ നിലപാട്. ജാതികളുടെ വിശാലരൂപമായാണ് അവർ മതത്തെ കാണുന്നത്. നവോത്ഥാന ശ്രമങ്ങൾക്കോ ആധുനികവൽക്കരണത്തിനോ ഈ വംശീയ സാമൂഹിക ഘടനയിൽ കാര്യമായ വിള്ളൽ വീഴ്ത്താൻ കഴിഞ്ഞിട്ടില്ല. പലതരം നായന്മാർ ഒറ്റ നായർ സമുദായമായും പലതരം ഈഴവർ ഈഴവസമുദായമായും മാറി എന്നതാണ് കേരളീയ നവോത്ഥാനത്തിന്റെ ബാലൻസ്ഷീറ്റ്. പ്രാകൃതമായ ജാതി ആധുനികമായ സമുദായമായി രൂപാന്തരപ്പെട്ടു. ആധുനികവൽക്കരണത്തിന്റെ ഭാഗമായ സമുദായ രൂപവൽക്കരണമെന്ന് സാമൂഹിക ശാസ്ത്രകാരന്മാർ അടയാളപ്പെടുത്തുന്ന പ്രക്രിയ അതാണ്. സമുദായവൽക്കരണം കേവല ജന്മത്തിന്റെ അടിസ്ഥാനത്തിലുള്ള വംശനിർണയത്തെ നിരാകരിക്കുകയല്ല, സംസ്കരിക്കുകയാണ് ചെയ്യുന്നത്. പല്ലും നഖവും തേറ്റയും ദംഷ്ട്രവും ഒഴിവാക്കപ്പെട്ട ജാതി തന്നെയാണ് സമുദായം. വ്യക്തിയുടെ സ്വയംനിർണയാവകാശത്തിന് ഒരിടവുമില്ലാത്ത ജന്മം തന്നെയാണ് അവന്റെ/അവളുടെ സമുദായവും നിർണയിക്കുന്നത്.

**വംശ-സാമൂഹിക ഘടനയെ തന്നെ പ്രഹരമേൽപിച്ചും അതിന്റെ ചലനനിയമത്തെ മാറ്റി എഴുതിയുമാണ് ഇസ്‌ലാം ഇന്ത്യൻ ചരിത്രത്തിൽ ഇടപെട്ടത്. ജന്മവിശുദ്ധിയിൽ വിശ്വസിക്കുന്നില്ല എന്നതാണ് അതിന്റെ ഇന്ത്യൻ സന്ദർഭത്തിലെ വിപ്ലവകരമായ സവിശേഷത. അല്ലെങ്കിൽ അത് എല്ലാവർക്കും തത്തുല്യമായി ജന്മപരമായ വിശുദ്ധി വകവെച്ചുനൽകുന്നു. വംശീയതക്കെതിരായ മാനവികതയുടെ മതം എന്നതാണ് ഇസ്‌ലാമിന്റെ ഏറ്റവും വലിയ വിപ്ലവാത്മകത.**



ലൗ ജിഹാദ് കാമ്പയിൻ ആരംഭിച്ചത് ഹൈന്ദവ ഫാഷിസ്റ്റുകളല്ല; *മലയാള മനോരമ*യും *കലാകൗമുദി*യും *കേരളശബ്ദ*വുമാണ്. *കലാകൗമുദി* എസ്.എൻ.ഡി.പിയുടെ അനൗപചാരിക മുഖപത്രമാണ്. *കേരളശബ്ദ*ത്തിന്റെ ജാതിയും തത്തുല്യമാണ്. *മനോരമ* പ്രതിനിധീകരിക്കുന്നത് കേരളത്തിലെ സവർണ ക്രൈസ്തവരെയാണ്. അതിൽ പിന്നീട് വലിയ സംഭാവനകൾ അർപ്പിച്ചത് കത്തോലിക്കാ സഭയും എൻ.എസ്.എസ്സും എസ്.എൻ.ഡി.പിയുമാണ്. ഫാഷിസ്റ്റുകൾ ഈയൊരു അവസരം ഏറ്റവും ബീഭത്സമായി ഉപയോഗപ്പെടുത്തുക മാത്രമായിരുന്നു. എൻ.എസ്.എസ്സിനെയോ എസ്.എൻ.ഡി.പിയെയോ സഭയെയോ സംബന്ധിച്ച് അവർ ഒരു മുസ്‌ലിംവിരുദ്ധ വർഗീയവാദികളാണെന്ന് പറയാൻ കഴിയില്ല. എന്നിട്ടുമെന്തിനാണ് വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഒരു പ്രചാരണസ്ഫോടനം ഇവർ നടത്തിയത്?

സമുദായങ്ങളെ അതിവർത്തിക്കുന്ന പ്രണയങ്ങളും വിവാഹങ്ങളും മാത്രമല്ല, മതംമാറ്റങ്ങളും ഇവിടെ സജീവമായി സംഭവിക്കുന്നുണ്ട്. ഇത് സമുദായങ്ങൾക്ക് ഒരിക്കലും നികത്താനാവാത്ത നഷ്ടമാണ് വരുത്തിവെക്കുന്നത്. കാരണം, ഒരു ഈഴവനോ നായരോ സവർണ ക്രിസ്ത്യാനിയോ മതംമാറിയാൽ അത് ആ സമുദായത്തെ സംബന്ധിച്ചേടത്തോളം പരിഹാരമില്ലാത്ത നഷ്ടമാണ്. കാരണം, ഒരിക്കലും പുതുതായൊരാളെ ഈഴവനാക്കാനോ നായരാക്കാനോ സവർണ ക്രിസ്ത്യാനിയാക്കാനോ കഴിയില്ല. കേരളത്തിലെ കത്തോലിക്കാ സഭ മിഷനറി പ്രവർത്തനത്തേക്കാൾ വംശവിശുദ്ധിയിൽ വിശ്വസിക്കുന്നവരാണ്.


വംശ സാമൂഹിക ഘടനയിൽ വളരെ ജൈവികമായി ഇസ്‌ലാം നടത്തിക്കൊണ്ടിരിക്കുന്ന വിധ്വംസകതകളെ തടയിടുക എന്നതായിരുന്നു ഈ പ്രചാരണത്തിന്റെ യഥാർഥ ഉന്നം. മുസ്‌ലിം ആൺകുട്ടികൾ സഹോദര സമുദായങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിക്കുകയും അതുവഴി അവർ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്യുക മാത്രമല്ല ഇവിടെ സംഭവിക്കുന്നത്. മുസ്‌ലിം പെൺകുട്ടികൾ അമുസ്‌ലിം പുരുഷന്മാരെ സ്നേഹിക്കുകയും അവർ മതംമാറി ഇസ്‌ലാമിലേക്കു വരികയും ചെയ്യുന്നുണ്ട്. പക്ഷേ, മൊത്തം വംശം വിട്ടുപോവലിനെ തടയിടാൻ പെട്ടെന്ന് ചെലവാകുന്ന ചേരുവകളോടുകൂടിയ ഒരു കഥ അവർ നിർമിച്ചെടുക്കുകയായിരുന്നു. ഒരു യാഥാർഥ്യത്തിന്റെ മുകളിലാണ് ഈ കഥ കെട്ടിപ്പൊക്കിയത്. ആ യാഥാർഥ്യം ധാരാളം പെൺകുട്ടികളും ആൺകുട്ടികളുമൊക്കെ ഇവിടെ വംശങ്ങൾ വിട്ട് ഇസ്‌ലാം സ്വീകരിക്കുന്നുണ്ടെന്നതാണ്. കക്ഷി ഇസ്‌ലാമായതുകൊണ്ട് തീവ്രവാദം, ആത്മഹത്യാ സ്കോഡ്, പാകിസ്താൻ മുതലായ ചേരുവകൾ ചേർത്ത് ഫലപ്രദമായി അവതരിപ്പിക്കുകയായിരുന്നു. എന്തുകൊണ്ട് അമുസ്‌ലിം ചെറുപ്പക്കാരെ പ്രണയിച്ച് ഇസ്‌ലാമിലേക്ക് മതം മാറ്റുന്ന പെൺജിഹാദികളെക്കുറിച്ച് അപസർപ്പക കഥാകാരന്മാർ ഒന്നും പറയാതിരുന്നത് എന്നാലോചിച്ചാൽ അത് കഥയുടെ ശിൽപത്തിനും മുറുക്കത്തിനും അയവു വരുത്തും എന്നതുകൊണ്ടാണ്.

ഈ സാഹചര്യത്തെ വിഷലിപ്തമായി ഉപയോഗപ്പെടുത്താൻ ശ്രമിച്ച ഫാഷിസ്റ്റുകളും യഥാർഥത്തിൽ ടാർഗറ്റ് ചെയ്തത് മതംമാറ്റത്തെ തന്നെയാണ്. വി.എച്ച്.പി വിതരണം ചെയ്ത 'ലൗ ജിഹാദ്, ഈ പെൺകുട്ടികൾ എങ്ങോട്ടുപോവുന്നു' എന്ന ലഘുലേഖയിൽ പറയുന്നു: "എൻട്രൻസിന് പോകുന്നിടത്തുവെച്ച്, ആശുപത്രി വരാന്തയിൽ വെച്ച്, പൊതുനിരത്തുകളിൽ വെച്ച്, എന്തിന് നമ്മുടെ വീടിനുള്ളിൽ വരെ കടന്നുകയറി സുവിശേഷവും മതബോധനവും നടത്തി മതംമാറ്റ ശക്തികൾ 'ധിക്കാരം' കാട്ടിയപ്പോൾ അതവരുടെ 'സ്വാതന്ത്ര്യ'മായിരുന്നു നമുക്ക്. അതിപുരോഗമനവാദം

തലക്കുപിടിച്ച നമ്മൾ നിലവിളക്കും തുളസിത്തറയും രാമായണവും വലിച്ചെറിഞ്ഞ് നമ്മുടെ കുട്ടികളെ പാരമ്പര്യത്തിൽ നിന്ന് പറിച്ചുമാറ്റിയപ്പോൾ സംഘടിത മതശക്തികൾ മതബോധന ക്ലാസുകളിലേക്ക് ബിരുദപദവി നേടിയെടുക്കുകയായിരുന്നുവെന്നോർക്കണം."

അപ്പോൾ പ്രശ്നം രാജ്യദ്രോഹവും തീവ്രവാദവുമാണോ അതോ മതംമാറ്റമോ? 'മതംമാറ്റ ശക്തികൾ' എന്ന ഫാഷിസ്റ്റ് പ്രയോഗം എത്ര അർഥവത്താണ്. മറ്റ് ഫാഷിസ്റ്റ് കാമ്പയിനുകളിൽ നിന്നു വ്യത്യസ്തമായി ഇത് നമ്മുടെ സമൂഹത്തിൽ ഇത്രയും പ്രകമ്പനം സൃഷ്ടിക്കാൻ കാരണം വംശീയത നമ്മുടെ അടിസ്ഥാന ജനിതകമാണെന്നതാണ്. അതിന്റെ കൂടെ ഇസ്‌ലാംഭീതി കൂടി ചേർന്നപ്പോൾ ചികിത്സിക്കാൻ നല്ല പ്രയാസമുള്ള സാമൂഹികരോഗമായി അത് മാറുകയായിരുന്നു.

ഫാഷിസത്തേക്കാൾ സങ്കീർണമായ ഘടകങ്ങൾ ഈ കാമ്പയിനിൽ പ്രവർത്തിച്ചിട്ടുണ്ട്. തന്നിൽ ആകൃഷ്ടനായി ഹിന്ദുമതം സ്വീകരിക്കാനുള്ള ആഗ്രഹവുമായെത്തിയ പാശ്ചാത്യനായ ശിഷ്യനെ ഗാന്ധി വിലക്കുകയും തന്റെ മതത്തിൽ തന്നെ തുടരാനാവശ്യപ്പെടുകയുമാണ് ചെയ്തത്. ഇന്ത്യൻ സാമൂഹികതയുടെ വ്യാകരണം ജാതിയാണെന്ന്, വംശമാണെന്നായിരുന്നു ഗാന്ധി മനസ്സിലാക്കിയിരുന്നത്. ഇതിനെ പരിഷ്കരിക്കുകയല്ലാതെ തകർക്കരുതെന്നായിരുന്നു അദ്ദേഹം വിശ്വസിച്ചിരുന്നത്. അംബേദ്കർ ഗാന്ധി ഏറ്റുമുട്ടലുകളുടെ ഒരു പ്രധാനതലം ഇതായിരുന്നു. ശ്രീ നാരായണ ഗുരുവും മഹാത്മാഗാന്ധിയും തമ്മിൽ നടന്ന സംഭാഷണത്തിൽ ഗാന്ധിജി ഗുരുവിനോടു ചോദിക്കുന്നുണ്ട്: "ഹിന്ദുക്കൾക്ക് മോക്ഷത്തിന് ഹിന്ദുമതം പോരേ, അവരെന്തിനാണ് മറ്റു മാർഗങ്ങൾ തേടിപ്പോകുന്നത്?" ഗുരുവിന്റെ മറുപടി, ഏതു മതവും മതിയായതാണെന്നായിരുന്നു. തുടർന്ന് ഗാന്ധിയുടെ ചോദ്യത്തിനുത്തരമായി ഗുരു പറയുന്നുണ്ട്, ആളുകൾ മതം മാറുന്നത് ആത്മീയമായ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമല്ല അവരുടെ ഭൗതികമായ, വിമോചനപരമായ ആവശ്യങ്ങൾക്കു വേണ്ടി കൂടിയാണ്. അത് ഹിന്ദുധർമത്തിന് എത്ര അളവിൽ നിർവഹിച്ചുകൊടുക്കാൻ കഴിയുന്നു എന്നതാണ് വിഷയം.



● *ശ്രീനാരായണ ഗുരു*

**കേരളത്തിലെ സമുദായ സംഘടനാ നേതൃത്വങ്ങൾ ലൗ ജിഹാദ് എന്ന വ്യാജപേരിൽ വ്യവഹരിച്ച സാമൂഹിക പ്രതിഭാസം എന്തുകൊണ്ടുണ്ടാവുന്നു എന്ന് സ്വയം ആലോചിക്കേണ്ടതുണ്ട്. അങ്ങനെ ആലോചിക്കുകയും സ്വന്തം സമുദായങ്ങളെ നവീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിനുപകരം നാട്ടിൽ വർഗീയധ്രുവീകരണമുണ്ടാക്കാൻ ശ്രമിക്കുന്നതുകൊണ്ട് ഗുണകരമായ ഒരു ഫലവും ആർക്കും ലഭിക്കാൻ പോകുന്നില്ല.**

മതംമാറ്റ വിരോധം മനുഷ്യന്റെ സ്വയംനിർണയാവകാശത്തെയും ജന്മനിർണ

യത്തെ മറികടക്കാനുള്ള സാധ്യതയെയുമാണ് തടയാൻ ശ്രമിക്കുന്നത്. ഇന്ത്യയിൽ അതിന് സൗമ്യരൂപങ്ങളും രൗദ്രരൂപങ്ങളുമുണ്ട്. അവക്കിടയിലെ ദൂരത്തെയും ദൂരങ്ങൾക്കിടയിലെ രൂപവ്യത്യാസത്തെയും ഒരിക്കലും കുറച്ചു കാണുന്നില്ല. ഗാന്ധി ഗോൾവാൾക്കറല്ല, വിഷ്ണു നാരായണൻ നമ്പൂതിരി കുമ്മനം രാജശേഖരനല്ല.

എന്നാൽ ഈ വംശ-സാമൂഹിക ഘടനയെ തന്നെ പ്രഹരമേൽപിച്ചും അതിന്റെ ചലനനിയമത്തെ മാറ്റി എഴുതിയുമാണ് ഇസ്‌ലാം ഇന്ത്യൻ ചരിത്രത്തിൽ ഇടപെട്ടത്. ജന്മവിശുദ്ധിയിൽ വിശ്വസിക്കുന്നില്ല എന്നതാണ് അതിന്റെ ഇന്ത്യൻ സന്ദർഭത്തിലെ വിപ്ലവകരമായ സവിശേഷത. അല്ലെങ്കിൽ അത് എല്ലാവർക്കും തത്തുല്യമായി ജന്മപരമായ വിശുദ്ധി വകവെച്ചുനൽകുന്നു. വംശീയതക്കെതിരായ മാനവികതയുടെ മതം എന്നതാണ് ഇസ്‌ലാമിന്റെ ഏറ്റവും വലിയ വിപ്ലവാത്മകത.

ഇസ്‌ലാമിന്റെ ഈ വിപ്ലവമുഖം ഇന്ത്യയിൽ അതിന്റെ പ്രചാരണത്തിനു മാത്രമല്ല, ഹിന്ദുമതത്തിന്റെ നവീകരണത്തിനും വലിയ അളവിൽ കാരണമായിട്ടുണ്ട്. ഇസ്‌ലാം സൃഷ്ടിച്ച മാനവികവും വംശീയവിരുദ്ധവുമായ ഉണർവിനോടുള്ള കേരളത്തിലെ ഹൈന്ദവ സംസ്കൃതിയുടെ സർഗാത്മകമായ പ്രതികരണമായിരുന്നു ബ്രാഹ്മണനല്ലാത്ത ചക്കാലനായരായ തുഞ്ചത്തെഴുത്തച്ഛൻ ആരംഭംകുറിച്ച ഭക്തിപ്രസ്ഥാനം.

അവർണർ മാത്രമല്ല, ധാരാളം സവർണരും അക്കാലത്ത് ഇസ്‌ലാമാശ്ലേഷിച്ചിട്ടുണ്ട്. തൊട്ടതിനൊക്കെയും ജാതിഭ്രഷ്ടാക്കുന്ന, സമൂഹത്തിൽ ജാതിഭ്രഷ്ടനാകുന്ന വ്യക്തിക്ക് നാടുവിടുകയോ ഇസ്‌ലാംമതമോ ക്രിസ്തുമതമോ സ്വീകരിക്കുകയോ മാത്രമേ വഴിയുണ്ടായിരുന്നുള്ളൂവെന്ന് ശൈഖ് സൈനുദ്ദീൻ മഖ്ദൂം *തുഹ്ഫതുൽ മുജാഹിദീനിൽ* രേഖപ്പെടുത്തുന്നുണ്ട്.

പുലപ്പേടിയും ജാതിഭ്രഷ്ടുമെല്ലാം അവസാനിച്ച് ജാതി കൂറേക്കൂടി ആധുനികവൽക്കരിക്കപ്പെട്ടപ്പോൾ മതംമാറ്റത്തെ ഒരിക്കലും ഉൾക്കൊള്ളാൻ കഴിയാത്ത ഒരു ഘടനയിലേക്ക് അത് വലിഞ്ഞുമുറുകുക കൂടിയായിരുന്നു.

മധ്യയുഗത്തിൽ ഹൈന്ദവ സമൂഹത്തിൽ നിലനിന്ന അത്യാചാരങ്ങളാണ് ഇസ്‌ലാമിന് ഇവിടെ വർധിച്ച സ്വാധീനം നേടിക്കൊടുത്തത് എന്ന് ധാരാളം ചരിത്രകാരന്മാർ നിരീക്ഷിക്കുന്നുണ്ട്. ഇന്ന് ലോകവ്യാപകമായി ധാരാളം സ്ത്രീകൾ ഇസ്‌ലാം സ്വീകരിക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. ഇസ്‌ലാം സ്ത്രീവിരുദ്ധമാണെന്ന് പറഞ്ഞുകൊണ്ടേയിരിക്കെ ധാരാളം സ്ത്രീകൾ ഇസ്‌ലാമിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. അതെന്തുകൊണ്ടാണെന്നത് മുസ്‌ലിം സമൂഹം മാത്രമല്ല, പൊതുസമൂഹവും ഗൗരവതരമായി പഠിക്കേണ്ടതാണ്. ആധുനിക നാഗരികതയും പാരമ്പര്യ സംസ്കാരങ്ങളും നൽകാത്ത വ്യക്തിത്വവും സുരക്ഷിതത്വവും ഇസ്‌ലാം സ്ത്രീക്ക് നൽകുന്നു എന്നതാണ് അതിന്റെ ഒരു കാരണം. ഈ പ്രവണതയുടെ കാരണം മുസ്‌ലിം ചെറുപ്പക്കാരുടെ പ്രണയാഭിനയ മികവാണെന്ന് പറയുന്നത് സ്ത്രീത്വത്തെ അപമാനിക്കലാണ്. സ്ത്രീ വിഷയത്തിൽ ഒരുപാടു കാലമായി ഇസ്‌ലാമിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ പലതും കേവലമായ ആധുനിക നാഗരികതയുടെ മാനദണ്ഡങ്ങൾ ഉപയോഗിച്ച് നിർമിക്കപ്പെട്ടവയാണ്.

മറ്റൊരു കാരണം, ഏറ്റവും പുതിയ ലോകത്തും ഇസ്‌ലാമിക ജീവിതങ്ങൾ നിലനിർത്തുന്ന വിശാല കുടുംബ ബന്ധങ്ങളുടെ പച്ചപ്പാണ്. ഘടനയിൽ മറ്റുള്ളവരെപോലെ തന്നെ അണുകുടുംബങ്ങൾ തന്നെ ആയിരിക്കാമെങ്കിലും അനുഭവത്തിൽ, ബന്ധങ്ങളിൽ അവർ വിശാല കൂട്ടുകുടുംബത്തെ നിലനിർത്തുകയും പരിചരിക്കുകയും ചെയ്യുന്നു. കേരളത്തിലെ മറ്റു സമൂഹങ്ങളുടെ കുടുംബഘടനയുടെ സ്വഭാവ

മെന്താണെന്ന ആലോചന പ്രസക്തമാണ്. ഇസ്‌ലാമിക സംസ്കാരത്തിന്റെ സവിശേഷതയും സൗന്ദര്യവുമാണ് അത് വിശാലമായ കുടുംബബന്ധങ്ങൾ നിലനിർത്തുന്നു എന്നത്.

ജാതകവും സ്ത്രീധനവും മറ്റൊരുപാടാചാരങ്ങളും സാമൂഹിക സവിശേഷതകളും എപ്രകാരമാണ് പെണ്ണിനെ പീഡിപ്പിക്കുന്നതെന്നാലോചിക്കേണ്ടതാണ്. കേരളത്തിലെ സമുദായ സംഘടനാ നേതൃത്വങ്ങൾ ലൗ ജിഹാദ് എന്ന വ്യാജപേരിൽ വ്യവഹരിച്ച സാമൂഹിക പ്രതിഭാസം എന്തുകൊണ്ടുണ്ടാവുന്നു എന്ന് സ്വയം ആലോചിക്കേണ്ടതുണ്ട്. അങ്ങനെ ആലോചിക്കുകയും സ്വന്തം സമുദായങ്ങളെ നവീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിനുപകരം നാട്ടിൽ വർഗീയധ്രുവീകരണമുണ്ടാക്കാൻ ശ്രമിക്കുന്നതുകൊണ്ട് ഗുണകരമായ ഒരു ഫലവും ആർക്കും ലഭിക്കാൻ പോകുന്നില്ല.

സാധാരണ ഏതൊരു ജനവിഭാഗത്തിന്റെയും സമുദായ രൂപവൽക്കരണത്തിന്റെ ഘട്ടത്തിൽ ഉയർന്നുവരുന്ന വളരെ സ്വാഭാവികമായ മുദ്രാവാക്യമാണ് സമുദായാംഗങ്ങൾ സമുദായത്തിൽ നിന്നുമാത്രം വിവാഹം കഴിക്കുക എന്നത്. നമ്പൂതിരി സമുദായ നവോത്ഥാന പ്രവർത്തനത്തിന്റെ ഭാഗമായി ഇ.എം.എസ് ഈ മുദ്രാവാക്യം ഉയർത്തുന്നുണ്ട്. ദലിതുകൾക്കിടയിൽ ഈ പ്രമേയം ശക്തമായി ഉയരുന്നതു കാണാൻ കഴിയും. ഇപ്പോൾ ഒരു സമുദായമായിത്തീരാൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്ന സമൂഹവിഭാഗമാണവർ.

മുസ്‌ലിം ചെറുപ്പക്കാർ അന്യസമുദായങ്ങളിലുള്ള ഇസ്‌ലാംമതം വിശ്വസിച്ച യുവതികളെ താൽപര്യപൂർവം സ്വീകരിക്കാൻ ഇപ്പോൾ മുന്നോട്ടുവരുന്നുണ്ട്. അപ്പോൾ സമുദായം എന്നതിന്റെ അടിത്തറ വംശമാണെന്ന ധാരണയെ തകർക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഒരു ജനാധിപത്യ സമൂഹത്തിന് ഇതിനെ പിന്തുണക്കാനും പ്രോത്സാഹിപ്പിക്കാനും സാധിക്കേണ്ടതായിരുന്നു. കേരളീയ നവോത്ഥാനത്തിന്റെ സമരമുഖങ്ങളിൽ ഒന്നായിരുന്നു മിശ്രവിവാഹം. കേരളീയ നവോത്ഥാനത്തെക്കുറിച്ച വലിയ ഒരു ഗൃഹാതുരത്വമായി നമ്മുടെ മതേതരഭാവുകത്വം അയവിറ

**കേരളീയ നവോത്ഥാനത്തിന്റെ സമരമുഖങ്ങളിൽ ഒന്നായിരുന്നു മിശ്രവിവാഹം. കേരളീയ നവോത്ഥാനത്തെക്കുറിച്ച വലിയ ഒരു ഗൃഹാതുരത്വമായി നമ്മുടെ മതേതരഭാവുകത്വം അയവിറക്കാറുള്ള ഒന്നാണത്. മേൽപറഞ്ഞ വിവാഹങ്ങൾ യഥാർഥത്തിൽ കേരളീയ നവോത്ഥാനം മുന്നോട്ടുവെച്ച മിശ്രവിവാഹം തന്നെയാണ്. പക്ഷേ, അതിന്റെ ആദർശാടിസ്ഥാനം സെക്യുലർ മോഡേണിറ്റിയല്ല, ഇസ്‌ലാമിക മാനവികതയാണെന്നുമാത്രം.**



ക്കാറുള്ള ഒന്നാണത്. മേൽപറഞ്ഞ വിവാഹങ്ങൾ യഥാർഥത്തിൽ കേരളീയ നവോത്ഥാനം മുന്നോട്ടുവെച്ച മിശ്രവിവാഹം തന്നെയാണ്. പക്ഷേ, അതിന്റെ ആദർശാടിസ്ഥാനം സെക്യുലർ മോഡേണിറ്റിയല്ല, ഇസ്‌ലാമിക മാനവികതയാണെന്നുമാത്രം.

നമ്മുടെ നാട്ടിൽ സ്ഥിരം കേൾക്കാറുള്ള ചില വിലാപങ്ങളുണ്ട്. ചെറുപ്പക്കാർ അരാഷ്ട്രീയവൽക്കരിക്കപ്പെടുകയാണ്, വിദ്യാർഥികൾ വെറും കരിയറിസ്റ്റുകളാവുകയാണ്, ആദർശ പ്രണയങ്ങൾ അസ്തമിച്ചിരിക്കുന്നു, മിശ്രവിവാഹങ്ങൾ വെറും പഴങ്കഥ മാത്രമായിരിക്കുന്നു എന്നെല്ലാം. മതേതര മുൻകൈയിൽ ഇത്തരം കാര്യങ്ങൾ നടക്കുന്നില്ല എന്നതു ശരിയായിരിക്കാം. എന്നാൽ ഇസ്‌ലാമിന്റെ മുൻകൈയിൽ ചെറുപ്പക്കാർ ഏറ്റവും സമരോത്സുകമായി സമൂഹത്തിൽ ഇടപെടുന്നുണ്ട്. വിദ്യാർഥികൾ പഠിച്ചുകൊണ്ടുതന്നെ അങ്ങേയറ്റത്തെ സാമൂഹിക പ്രതിബദ്ധത പ്രകടിപ്പിക്കുന്നുണ്ട്. അതുപോലെ പ്രണയങ്ങളും മിശ്രവിവാഹങ്ങളും ഉണ്ടാവുന്നുണ്ട്. മതം വംശത്തിനപ്പുറം ഒരാദർശമാണെന്ന സത്യത്തെ അംഗീകരിക്കാത്തേടത്തോളം ഈ യാഥാർഥ്യങ്ങൾ നമ്മുടെ മുഖ്യധാരക്ക് കാണാൻ പ്രാപ്തിയുണ്ടാവുകയില്ലെന്നു മാത്രം. സമൂഹം അരാഷ്ട്രീയമാവുന്നു, ചെറുപ്പക്കാർ നിഷ്ക്രിയരാവുന്നു, സ്ത്രീപുരുഷ ബന്ധങ്ങൾ കേവല ഭൗതികമാവുന്നു മുതലായ പ്രചാരണത്തിൽ സെക്യുലർ മോഡേണിറ്റിയെക്കുറിച്ച ഗൃഹാതുരത്വം മാത്രമല്ല, ഇസ്‌ലാം പോലെയുള്ള പുതിയ മുൻകൈകളിൽ സമൂഹത്തിൽ നടക്കുന്ന സർഗാത്മക ഇടപെടലുകളെ അദൃശ്യവൽക്കരിക്കാനുള്ള അറിഞ്ഞോ അറിയാതെയോ ഉള്ള ശ്രമം കൂടിയുണ്ട്. മതമെന്ന മുരടത്തവും പ്രണയമെന്ന സർഗാത്മകതയും തമ്മിലെന്ത് എന്ന ഒരു ചോദ്യം ലൗ ജിഹാദ് പദനിർമിതിയിൽ തന്നെ അന്തർലീനമായിട്ടുണ്ട്. ഇത് മതേതരത്വവും സവർണതയും ആലിംഗനബദ്ധമാവുന്ന സുവർണബിന്ദു കൂടിയാണ്.

വംശീയതക്കെതിരായ മാനവികതയുടെ കലാപം മാത്രമായിരുന്നില്ല ചരിത്രത്തിൽ ഇസ്‌ലാം. ഇന്ത്യൻ ജാതിവ്യവസ്ഥയുമായുള്ള സമ്പർക്കത്തിൽ ചിലപ്പോൾ ഇസ്‌ലാം അതിനെ ആന്തരികവൽക്കരിക്കുകയുമുണ്ടായി. അങ്ങനെയാണ് ഉത്തരേന്ത്യൻ മുസ്‌ലിംകൾക്കിടയിൽ അശ്റഫികളും അൻസാരികളും ഖുറൈശികളും നമ്മുടെ നാട്ടിൽ ഒസ്സാന്മാരും പൂസലാന്മാരും മുക്രിമാരുമൊക്കെയുണ്ടായത്. അതു മാത്രമല്ല, ഇസ്‌ലാമിനെ മൊത്തമായി ഒരു ജാതിയായി കാണുന്ന പ്രവണതയും ഉണ്ടാവുകയുണ്ടായി. ഏത് ആദർശവും അധഃപതിക്കുമ്പോൾ അത് കേവല വംശമായിത്തീരും.

വംശമെന്നത് കുടുംബത്തിന്റെ ഒരു വിശാലരൂപമാണ്. കുടുംബം ജന്മംകൊണ്ട് ലബ്ധമാവുന്നതാണ്. ഇസ്‌ലാം കുടുംബത്തെയും ആദർശത്തെയും കൃത്യതയിൽ വേർതിരിക്കുന്നുണ്ട്. കുടുംബം ജൈവമാണ്. ആദർശം ആർജിതമാണ്. ആദർശത്തിനു പുറത്തുള്ള കുടുംബബന്ധത്തെ നിരാകരിക്കാതിരിക്കുക എന്നതാണ് ഇസ്‌ലാമിന്റെ ആദർശസമീപനം. ബഹുദൈവ വിശ്വാസിയായ മാതാവിനോട് ലൗകിക ജീവിതകാര്യങ്ങളിൽ ഏറ്റവും നന്നായി സഹവർത്തിക്കണം എന്ന് ഖുർആൻ പഠിപ്പിക്കുന്നുണ്ട്. കാരണം അവർ നിന്നെ പ്രയാസത്തിനുമേൽ പ്രയാസം സഹിച്ച് ഗർഭം ധരിക്കുകയും മുലയൂട്ടുകയും ചെയ്തവരാണ്. പക്ഷേ, വിശ്വാസത്തിന്റെ കാര്യത്തിൽ അവർ നിന്നെ നിർബന്ധിച്ചാലും അവരെ അനുസരിക്കരുത് (*ലുഖ്മാൻ* 14,15).

കുടുംബമാണെന്റെ ആദർശമെന്ന നിലപാടിനെയും ആദർശമാണെന്റെ കുടുംബമെന്ന നിലപാടിനെയും ഖുർആൻ നിരാകരിച്ചു. ജീവിതത്തെ, ജീവിതബന്ധങ്ങളെ മതത്തിലേക്ക് വെട്ടിച്ചുരുക്കുകയല്ല, മതത്തെ ജീവിതത്തിലേക്ക് വിശാലമാക്കുകയാണ് ഇസ്‌ലാം ചെയ്തത്. അമുസ്‌ലിമായ മാതാപിതാക്കളോടുള്ള ബാധ്യതകൾ വരെ പഠിപ്പിക്കുകയാണ് ചെയ്തത്.

മുസ്‌ലിമല്ലാത്ത മാതാപിതാക്കൾ മാത്രമല്ല, സഹോദരിയും സഹോദരീ ഭർത്താവുമൊക്കെ ഉണ്ടാവുന്നതിന് ഇസ്‌ലാം എതിരല്ല. അവരോടെല്ലാം ബന്ധുക്കൾ എന്ന നിലക്കുള്ള മുഴുവൻ ബാധ്യതയും നിങ്ങൾക്കുണ്ടായിരിക്കും. കുടുംബത്തെയും ആദർശത്തെയും സമ്പൂർണാർഥത്തിൽ കൂട്ടിക്കുഴക്കുന്നത് വംശീയ പ്രത്യയശാസ്ത്രത്തിന്റെ സമീപനരീതിയാണ്.

ഇസ്‌ലാമിനെ ഒരു വംശമായി ചുരുക്കിക്കെട്ടുന്നതിലൂടെ അതിന്റെ തീക്ഷ്ണ സൗന്ദര്യത്തെയും ഇന്ത്യൻ സാഹചര്യത്തിലെ അതിന്റെ അപാരമായ വിമോചന സാധ്യതയെയുമാണ് നാം കെടുത്തിക്കളയുന്നത്.

ഇസ്‌ലാം കേവല വംശമല്ല എന്നു പറയുന്നതിന്റെ അർഥം, അതിലേക്ക് ആർക്കും കടന്നുവരാം എന്നു മാത്രമല്ല അതിൽ നിന്ന് ആർക്കുവേണമെങ്കിലും പുറത്തുപോവുകയും ചെയ്യാം എന്നുകൂടിയാണ്. ഇത് പ്രവാചകൻ സാക്ഷ്യപ്പെടുത്തിയ ഒരു ഇസ്‌ലാമിക തത്ത്വമാണ്. "ഹുദൈബിയാ സന്ധിയിലെ രണ്ടു വ്യവസ്ഥകളാണ് ജനങ്ങളെ ഏറ്റവുമധികം വ്രണപ്പെടുത്തിയത്. രണ്ടാമത്തെ വ്യവസ്ഥയായിരുന്നു അതിലൊന്ന്. ഇത് തികച്ചും വിവേചനപരമായ ഉപാധിയായി പോയെന്നാണ് അതേപറ്റി ആളുകൾ പറഞ്ഞത്. മക്കയിൽ നിന്ന് മദീനയിലേക്ക് ഓടിപ്പോകുന്നവരെ മദീനക്കാർ തിരിച്ചയക്കണം. മദീനയിൽ നിന്ന് മക്കയിലേക്ക് ഓടിപ്പോകുന്നവരെ മക്കക്കാർ എന്തുകൊണ്ട് തിരിച്ചയക്കേണ്ട? ഇതേപ്പറ്റി തിരുമേനി പറഞ്ഞു. നമ്മിൽ നിന്ന് അവരുടെ കൂട്ടത്തിലേക്ക് ഓടിപ്പോകുന്നവരെക്കൊണ്ട് നമുക്കെന്ത് പ്രയോജനം?" (*തഫ്ഹീമുൽ ഖുർആൻ*, വാല്യം അഞ്ച്. സുറ *അൽഫത്ഹി*ന്റെ ആമുഖം)



● *ഗാന്ധിജി*

**സമൂഹം അരാഷ്ട്രീയമാവുന്നു, ചെറുപ്പക്കാർ നിഷ്ക്രിയരാവുന്നു, സ്ത്രീപുരുഷ ബന്ധങ്ങൾ കേവല ഭൗതികമാവുന്നു മുതലായ പ്രചാരണത്തിൽ സെക്യുലർ മോഡേണിറ്റിയെക്കുറിച്ച ഗൃഹാതുരത്വം മാത്രമല്ല, ഇസ്‌ലാം പോലെയുള്ള പുതിയ മുൻകൈകളിൽ സമൂഹത്തിൽ നടക്കുന്ന സർഗാത്മക ഇടപെടലുകളെ അദൃശ്യവൽക്കരിക്കാനുള്ള അറിഞ്ഞോ അറിയാതെയോ ഉള്ള ശ്രമം കൂടിയുണ്ട്. മതമെന്ന മുരടത്തവും പ്രണയമെന്ന സർഗാത്മകതയും തമ്മിലെന്ത് എന്ന ഒരു ചോദ്യം ലൗ ജിഹാദ് പദനിർമിതിയിൽ തന്നെ അന്തർലീനമായിട്ടുണ്ട്.**

ഒരേവീട്ടിൽ വ്യത്യസ്ത വിശ്വാസങ്ങളുള്ളവർ പുലരുക എന്നത് ഒരു പുതിയ ജനാധിപത്യ സ്വപ്നമല്ല. പ്രവാചകന്റെ കാലത്ത് സാക്ഷാത്കരിക്കപ്പെട്ട സാമൂഹിക സൗഭാഗ്യമാണ്. ജനാധിപത്യത്തിന്റെ ഈ നിറവസന്തകാലത്ത് ഇസ്‌ലാമിന്റെ ഈ ആദിമവിശുദ്ധിയെ ഉയരത്തിൽ ഉയർത്തിപ്പിടിക്കാൻ മുസ്‌ലിം സമൂഹത്തിന് സാധിക്കണം. അന്യമതസ്ഥരെ വിവാഹം ചെയ്ത മുസ്‌ലിം സ്ത്രീയോ പുരുഷനോ, അക്കാ

രണത്താൽ മാത്രം മതഭ്രഷ്ടരാവുന്നില്ല. സ്വവർഗരതിക്കാരായ മുസ്‌ലിംകളെക്കുറിച്ച് താരിഖ് റമദാൻ പറഞ്ഞതുപോലെ, അവർ തെറ്റുചെയ്ത മുസ്‌ലിംകൾ മാത്രമാണ്; മദ്യപാനിയും വ്യഭിചാരിയുമൊക്കെയായ മുസ്‌ലിംകളെപ്പോലെ ഇത്തരം വിവാഹിതരെയും കുടുംബത്തിൽ അക്കമഡേറ്റ് ചെയ്യുമ്പോൾ മാത്രമേ വംശീയ സാമൂഹികതക്കെതിരെ ആദർശസാമൂഹികതയെ മുന്നോട്ടുവെക്കാനുള്ള ധാർമികമായ അർഹത മുസ്‌ലിംകൾക്കുണ്ടാവുകയുള്ളൂ.

ലൗ ജിഹാദ് വിവാദത്തിലെ മുസ്‌ലിം വംശീയവാദ ആക്ടിവിസത്തിന്റെ ഇടപെടൽ ഈ അധാർമികതയെ തുറന്നു വെളിപ്പെടുത്തുന്നതായിരുന്നു. ഒരു വശത്ത് മതംമാറ്റം പൗരാവകാശമാണെന്നു കാമ്പയിൻ നടത്തുകയും സ്വന്തം സമുദായത്തിൽ നിന്ന് ആരെങ്കിലും മറ്റു മതസ്ഥരെ പ്രേമിക്കുകയോ മതം മാറുകയോ ചെയ്താൽ അവർക്കെതിരെ മുഴുവൻ നിയമവും കയ്യിലെടുത്ത് പെരുമാറുകയും ചെയ്യുക എന്നതാണ് ഇവർ അനുവർത്തിക്കുന്ന രീതി. ഇത് വിശ്വാസത്തേക്കാൾ വംശം പ്രധാനമാകുന്നതിന്റെ പ്രശ്നമാണ്. ലൗ ജിഹാദ് പ്രചാരണത്തെ *തേജസ്* ദിനപത്രം നേരിട്ടത് ഹൈന്ദവ ക്രൈസ്തവ സംഘടനകൾ മുസ്‌ലിംകൾക്കിടയിൽ നടത്തിയ മതംമാറ്റത്തിന്റെയും ഹൈന്ദവ ക്രൈസ്തവ ചെറുപ്പക്കാർ മുസ്‌ലിം പെൺകുട്ടികളെ പ്രണയം നടിച്ച് വിവാഹം ചെയ്ത് നശിപ്പിച്ചതിന്റെയും മതംമാറ്റിയതിന്റെയും ഒരുപാട് കഥകൾ കൊണ്ടാണ്. അപ്പോൾ മതംമാറ്റം മോശമാണെന്ന പൊതുബോധത്തിനു മുകളിൽ നിന്നുകൊണ്ടു തന്നെയാണ് മുസ്‌ലിം വംശീയവാദികളും പ്രശ്നത്തെ സമീപിക്കാൻ ശ്രമിച്ചത്. വംശീയതക്കെതിരെ മാനവികതയുടെയും സ്വാതന്ത്ര്യനിഷേധത്തിനെതിരെ ജനാധിപത്യത്തിന്റെയും പൗരാവകാശത്തിന്റെയും പക്ഷത്തുനിന്നുകൊണ്ടേ ധാർമികമായ പൊരുത്തത്തോടെ ഇസ്‌ലാമിന്റെ സമകാലിക പ്രതിനിധാനം നിർവഹിക്കാൻ കഴിയൂ. ഇസ്‌ലാമിന്റെ ആദിമവിശുദ്ധിയിലെ വംശീയ വിരുദ്ധഭാവത്തെ പുനരുജ്ജീവിപ്പിച്ചുകൊണ്ടേ വംശീയത അതിന്റെ സൂക്ഷ്മവും സ്ഥൂലവുമായ അർഥങ്ങളിൽ കൊടികുത്തി വാഴുന്ന ഇന്ത്യയിൽ ഇസ്‌ലാമിന് ജാഹിലിയ്യത്തിനെ തോൽപിക്കാൻ കഴിയുകയുള്ളൂ. ■